(എഫ്) ഇതിന്റെ തറക്കല്ലിന് പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000-ൽ

(ബി) 1366 ലക്ഷം രൂപ

(സി) 50% കേന്ദ്ര ധനസഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി)&(ഇ) പദ്ധതിയോടനുബന്ധിച്ചുള്ള ബ്രേക്ക് വാട്ടർ നിർമ്മാണത്തിനുള്ള വെയ്ബ്രിഡ്ജ് പണി ആരംഭിച്ചു. ബ്രേക്ക് വാട്ടറുകളുടെ നിർമ്മാണത്തിന് ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(എഫ്) ഇല്ല.

108 (632) ജലകൃഷി ഓഫീസർമാർ

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ ജലകൃഷി ഓഫീസർമാരായി എത്ര പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്;

(ബി) ഇവരെ എന്നാണ് നിയമിച്ചത്;

(സി) ഇവരുടെ ആദ്യ നിയമനം എത്രകാലത്തേയ്ക്കായിരുന്നു;

(ഡി) പിന്നീട് ഇവർക്ക് കാലാവധി നീട്ടി കൊടുത്തുവോ;

(ഇ) ഇവരുടെ ശമ്പളസ്കെയിൽ ഉയർത്തുകയുണ്ടായോ;

(എഫ്) എങ്കിൽ കാരണം അറിയിക്കുമോ;

(ജി) ഈ പോസ്റ്റിലേക്ക് നിയമിക്കപ്പെടുവാനുള്ള യോഗ്യത എന്തായിരുന്നു;

(എച്ച്) ഫിഷറീസ് വകുപ്പിൽ ഈ യോഗ്യത ഉള്ളവരുണ്ടോ;

(ഐ) എങ്കിൽ കരാർ അടിസ്ഥാനത്തിലുള്ളവരുടെ നിയമനം അവസാനിപ്പിക്കുമോ; വകുപ്പിലെ യോഗ്യതയുള്ളവരെ നിയമിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽ 19 പേരെ ജലകൃഷി വിദഗ്ധരായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) 1997 മാർച്ചിലാണ് ഇവരെ നിയമിച്ചത്.

(സി) ഒരു വർഷത്തേയ്ക്കായിരുന്നു.

(ഡി) നീട്ടികൊടുത്തിട്ടുണ്ട്.

(ഇ)&(എഫ്) ആദ്യ നിയമനം നടത്തിയപ്പോൾ നൽകിയത് പ്രീ-റിവൈസ്ഡ് സ്കെയിലായ 2000-3200 നിരക്കാണ്. കാലാവധി നീട്ടി നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

പ്പോൾ ശമ്പളപരിഷ്ക്കരണ ഉത്തരവിലെ തത്തുല്യമായ പുതുക്കിയ സ്കെയിൽ അനുവദിച്ചു.

(ജി) ഈ പോസ്റ്റിലേക്ക് താഴെപ്പറയുന്ന യോഗ്യതയാണ് നിർദ്ദേശിച്ചിട്ടുള്ളത്. എം.എഫ്.എസ്സ്.സി/ബി.എഫ്.എസ്സ്.സി/എം.എസ്സ്.സി. ഇൻ അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് അല്ലെങ്കിൽ തത്തുല്യമായ യോഗ്യത, രണ്ട് വർഷത്തെ ഫിഷ്/പ്രോൺഫാമിലുള്ള പരിചയം അഭികാമ്യം.

(എച്ച്) ഉണ്ട്.

(ഐ) ജലകൃഷി വിദഗ്ദരുടെ തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവിൽ പി.എസ്സ്.സി. മുഖേനയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കുന്നവരെ (അഞ്ച് വർഷത്തിൽ കവിയാതെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ലഭിക്കുന്ന ഉദ്യോഗാർത്ഥികളെ താൽക്കാലികമായി കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

109 (633) മത്സ്യഫെഡിലെ ഒഴിവുകൾ

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> :
<u>ശ്രീ. പി.കെ.കെ. ബാവ</u> :
<u>ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി</u> :
<u>ശ്രീ. സി. മൊയിൻകുട്ടി</u> :
<u>ശ്രീ. നാലകത്തു സൂപ്പി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ട്; ഏതെല്ലാം കാറ്റഗറിയിൽ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേക്ക് സെലക്ഷൻ നിയമനം എന്നിവ നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമനങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് പി.എസ്.സി.-യെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യഫെഡിലെ വിവിധ പദ്ധതികളുടേയും വിവിധ യൂണിറ്റുകളുടേയും ശരിയായ നടത്തിപ്പിന് താഴെ പറയുന്ന തസ്തികളിലേക്ക് ജീവനക്കാരെ ആവശ്യമുണ്ട്.

പ്രോജക്ട് ഓഫീസർ	-	4
അസിസ്റ്റന്റ്	-	35
അക്കൗണ്ടന്റ്	-	6

ആവശ്യമായ എല്ലാ തസ്തികകളുടേയും അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ മാത്രമേ ഏതെല്ലാം തസ്തികകളിൽ എത്രമാത്രം ഒഴിവുകളുണ്ടെന്ന് വ്യക്തമായി നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

(ബി) മത്സ്യഫെഡ് ഡയറക്ടർബോർഡ് നിയോഗിക്കുന്ന സബ് കമ്മിറ്റി സെലക്ഷൻ നടത്തുകയും ഡയറക്ടർബോർഡിന്റെ അംഗീകാരത്തോടെ നിയമനം നടത്തുകയുമാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly